"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. വിനോദ് കുമാർ. ബി, വ്യവസായ വികസന ഓഫീസർ - കോട്ടക്കൽ Aster MIMS ആശുപത്രിയിലെ ചികിത്സയ്ക്ക് പലിശ രഹിത ചികിത്സാവായ്പ അനുവദിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.768/2025/ID തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-

1. 18/02/1997-ലെ സ.ഉ. (പി) നം. 45/97/ആ.കു.വ.
2. 02/11/2000-ലെ സ.ഉ. (പി) നം. 285/2000/ആ.കു.വ.
3. 20/11/2001-ലെ സ.ഉ. (പി) നം. 295/2001/ആ.കു.വ.
4. 22/11/2024-ലെ സ.ഉ. (പി) നം. 100/2024/ധന
5. വ്യവസായ വാണിജ്യ ഡയറക്ടറുടെ 28/04/2025-ലെ ഡിഐസി/2374/2025-എസി6 നമ്പർ കത്ത്

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിൽ ചിറയിൽകീഴ് താലൂക്ക് വ്യവസായ ഓഫീസിന് കീഴിൽ വർക്കല ബ്ലോക്കിലെ വ്യവസായ വികസന ഓഫീസർ ശ്രീ. വിനോദ്കുമാർ. ബി-യുടെ **(D.O.B: 25/05/1973, PEN: 200415)** കോഴിക്കോട് Aster MIMS ആശുപത്രിയിൽ വച്ച് നടത്തുന്ന (Left Circumflex artery(LCx)using CB+DCB with Laser) ചികിത്സയ്ക്കായി പലിശ രഹിത ചികിത്സ വായ്പ അനുവദിക്കണമെന്ന **25/04/2025 തീയതിയിലെ അപേക്ഷ** പരാമർശം (5) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ സഹിതം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പരാമർശം (1) മുതൽ (4) വരെ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി വ്യവസായ വാണിജ്യ വകുപ്പിൽ ചിറയിൽകീഴ് താലൂക്ക് വ്യവസായ ഓഫീസിന് കീഴിൽ വർക്കൽ ബ്ലോക്കിലെ വ്യവസായ വികസന ഓഫീസർ ശ്രീ. വിനോദ്കുമാർ. ബി-യ്ക്ക് കോഴിക്കോട് Aster MIMS ആശുപത്രിയിൽ വച്ച് നടത്തുന്ന (Left Circumflex artery(LCx)using CB+DCB with Laser) ചികിത്സയ്ക്കായി, 3,53,120/-രൂപ (മൂന്ന് ലക്ഷത്തി അമ്പത്തിമൂന്നായിരത്തി ഒരുന്നൂറ്റി ഇരുപത് രൂപ മാത്രം) പലിശ രഹിത ചികിത്സാ വായ്പ അനുവദിച്ചും പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ മെഡിസെപ്പിൽ ഉൾപ്പെട്ട ചികിത്സാ പാക്കേജിന് (PTCA) മെഡിസെപ് പരിരക്ഷ ലഭ്യമാക്കുന്നതിനു ആശുപത്രിയിൽ നിന്നും കേസ് രജിസ്റ്റർ ചെയ്യുവാൻ നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(എ). ഈ പലിശ രഹിത ചികിത്സ വായ്പയുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ഇപ്രകാരം അനുവദിച്ച

3,53,120/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീ. വിനോദ്കുമാർ. ബി സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും വായ്പത്തുക പൂർണ്ണമായും ക്രമപ്പെടുത്തിയശേഷവും അനുവദനീയമായ ചികിത്സാചെലവ് ശേഷിക്കുന്നുണ്ടെങ്കിൽ ആ തുക KGSMA ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണമായി അനുവദിക്കുന്നതാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 3 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാ തുകയ്ക്കും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയ്ക്കും 12% നിരക്കിൽ പലിശ വായ്പാക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കുന്നതാണ്. കൂടാതെ, വായ്പാക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്.

(ബി). പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ, മേപ്പടി പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിത്സയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ. അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കാവൂ. വായ്പ ക്രമീകരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ വായ്പ കൈപ്പറ്റിയ തീയതിയും ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. വിനോദ്കുമാർ. ബി (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (U.O (f) No. G2/330/2025/H&FWD dated 05/06/25)

ധനകാര്യ വകുപ്പ് (U.O (f) No. 3172487/Loans- L3/44/2025/FIN dated 25/06/2025)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

Date: 26-06-2025 13:09:32